/74115/2022

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/20183/2021-WEC4

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 31-12-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ

തിരുവനന്തപുരം

എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും.

(തിരുവനന്തപുരം ഒഴികെ)

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- സ്ത്രീകൾക്ക് സുരക്ഷിത താമസ സൗകര്യം ഏർപ്പെടുത്തുന്ന ഏകദിന വസതി (One Day Home) പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കുന്നത് - സംബന്ധിച്ച്:-

സൂചന:-

തലസ്ഥാന നഗരിയിൽ അടിയന്തിര ആവശ്യങ്ങൾക്കായി വിവിധ ജില്ലകളിൽ നിന്ന് എത്തുന്ന സ്ത്രീകൾക്ക് .സുരക്ഷിത താമസ സൗകര്യം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഏകദിന വസതി (One Day Home) പദ്ധതി തിരുവനന്തപുരം തമ്പാനൂർ KSRTC ബസ് ടെർമിനൽ സ്റ്റേഷനിൽ ഉള്ള കെട്ടിട സമുച്ചയത്തിലെ 8-ാം നിലയിൽ തിരുവനന്തപുരം നഗരസഭയുടെ സംയുക്ത പങ്കാളിത്തത്തോടെ നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കേണ്ടതുണ്ട്.

ടി സാഹചര്യത്തിൽ ജില്ലകളിലെ തിരക്കേറിയ നഗര പ്രദേശങ്ങളിൽ ബസ് സ്റ്റാൻഡിന്/റെയിൽവേ സ്റ്റേഷന് സമീപമായി കുറഞ്ഞത് 20 പേർക്ക് താമസിക്കുന്നതിനു സൗകര്യം ഉള്ള ഏകദിന വസതി ആരംഭിക്കുന്നതിന് സർക്കാർ കെട്ടിടം/വാടക കെട്ടിടം (PWD റേറ്റ്) പ്രക്കാരം ലഭ്യമാക്കി അടിയന്തിരമായി ടി കര്യലയത്തിൽ അറിയിക്കുന്നതിനു നിർദേശിക്കുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി.

/74112/2022

# അനുബന്ധം

## വൺ ഡേ ഹോം (ഏകദിന വസതി)

## മാർഗ്ഗ നിർദ്ദേശങ്ങൾ

1. നഗര പ്രദേശങ്ങളിൽ അടിയന്തിര ആവശ്യങ്ങൾക്കായി എത്തുന്ന സ്ത്രീകൾ, പെൺകുട്ടികൾ, അമ്മമാരോടൊപ്പമുള്ള 12 വയസ്സുവരെയുള്ള ആൺകുട്ടികൾ എന്നിവർക്കാണ് പ്രവേശനം അനുവദിക്കുന്നത്. അശരണരായ വനിതകൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
2. ടി സ്ഥാപനത്തിൽ പ്രവേശനം എല്ലാ ദിവസവും 24 മണിക്കൂറും ലഭ്യമാണ്.
3. പ്രവേശനത്തിന് അഡ്വാൻസ് ബുക്കിംഗ് ഉണ്ടായിരിക്കുന്നതല്ല.
4. ഒരാൾക്ക് 1 ദിവസത്തേയ്ക്ക് മാത്രമാണ് പ്രവേശനം അനുവദിക്കുക. ഒരു ദിവസത്തിന് ഡോർമെറ്ററിയ്ക്ക് 150/- രൂപയും ക്യുബിക്കിളിൽ 250/- രൂപയുമാണ് ചാർജ്ജ്. അടിയന്തര സാഹചര്യങ്ങളിൽ 3 ദിവസംവരെ പ്രവേശനം അനുവദിക്കുന്നതാണ്. ഒരു ദിവസത്തിൽ കൂടുതൽ താമസിക്കേണ്ടി വന്നാൽ അധികമായി വേണ്ടി വരുന്ന ഓരോ ദിവസത്തിനും യഥാക്രമം 200/- രൂപയും 300/-രൂപയും അടച്ച് പ്രവേശനം നേടാവുന്നതാണ്. 3 ദിവസത്തിനു കൂടുതൽ അനുവദനീയമല്ല.
5. അഡ് മിഷൻ സമയത്ത് ഒറിജിനൽ ഐ.ഡി. പ്രൂഫ് ഹാജരാക്കേണ്ടതാണ്.
6. മറ്റുള്ള താമസകാർക്കും ജീവനക്കാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലുള്ള പെരുമാറ്റം അനുവദനീയമല്ല. താമസക്കാർ സ്ഥാപനത്തിൽ അച്ചടക്കം പാലിക്കേണ്ടതാണ്.
7. സ്ഥപനത്തിലെ വസ്തുവകകളോ, ഉപകരണങ്ങളോ കേടുവരുത്തുവാൻ പാടുള്ളതല്ല. കേട് വരുത്തിയാൽ കേടായ വസ്തുവിന്റെ വിലയ്ക്ക് തുല്യമായ തുക ഫൈൻ ആയി ഈടാക്കുന്നതാണ്.
8. താമസക്കാരുടെ സാധന സാമഗ്രികൾ അവരവർ തന്നെ സൂക്ഷിക്കേണ്ടതാണ്.
9. സ്ഥാപനത്തിൽ താമസിക്കുന്നവർ മറ്റുള്ള താമസക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ മൊബൈൽ ഫോൺ ഉപയോഗിക്കേണ്ടതാണ്.
10. സ്ഥാപനത്തിന്റെ പ്രവർത്തനം ജീവനക്കാരുടെ പെരുമാറ്റം എന്നിവ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ, നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ directorate.wcd@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലോ ഓഫീസ് പ്രവർത്തി സമയങ്ങളിൽ 0471-2346508 എന്ന ഫോൺ നമ്പരിലോ അറിയിക്കാവുന്നതാണ്.
11. സ്ഥാപനത്തിലെ ജീവനക്കാരുടെ ബന്ധുക്കളെ അനധികൃതമായി സ്ഥാപനത്തിൽ താമസിപ്പിക്കാൻ പാടുള്ളതല്ല.
12. മേൽ നിർദ്ദേശങ്ങൾ വകുപ്പിലെ ജീവനക്കാർ ഉൾപ്പെടെയുള്ള എല്ലാ താമസക്കാർക്കും ബാധകമായിരിക്കും.

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി. 31-12-2022